**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 469** | **12-08-2021 - ൽ മറുപടിയ്ക്ക്**

**വ്യവസായ സംരംഭകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വിജിൻ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. പി.വി.അൻവർ,<br>ഡോ സുജിത് വിജയൻപിള്ള** | | **Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വ്യവസായ സംരംഭകർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യവസായ സംരംഭകരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് സ്ഥിരമായ സംവിധാനം ഏർപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ വ്യവസായ പുരോഗതിയും അതുപോലെ സംരംഭകരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനുമായി ജില്ലാ അടിസ്ഥാനത്തിൽ നേരിട്ട് സംരംഭകരുമായി ആശയ വിനിമയം നടത്തുന്ന "മീറ്റ് ദ മിനിസ്റ്റർ" എന്ന പ്രോഗ്രാമിന് തുടക്കം കുറിച്ചിട്ടുണ്ട്. കൂടാതെ നിലവിലെ വ്യവസായ പുരോഗതി കൈവരിക്കുന്നതിന് വ്യവസായ രംഗത്ത് കൊണ്ടുവരേണ്ട മാറ്റങ്ങളെ സംബന്ധിച്ചും വിവിധ സംഘടനകളായ KSSIA, FICCI, CII തുടങ്ങിയവയുടെ പ്രതിനിധികളുമായി ബഹു.വ്യവസായ വകുപ്പ് മന്ത്രി നേരിട്ട് കൂടിക്കാഴ്ച നടത്തി വരുന്നുണ്ട്. വ്യവസായികൾ നേരിടുന്ന പ്രശ്നങ്ങൾ ബോധിപ്പിക്കുന്നതിനായി താലൂക്ക് വ്യവസായ ഓഫീസ്, ജില്ലാ വ്യവസായ കേന്ദ്രം, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് ഓഫീസുകളിൽ സംവിധാനം നിലവിലുണ്ട്. ബ്ലോക്ക് തലത്തിൽ ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസറുടെ സേവനവും ലഭ്യമാണ്. സംരംഭകർക്ക് പരാതി ബോധിപ്പിക്കാനുള്ള സൗകര്യം വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വെബ്സൈറ്റിൽ നിലവിലുണ്ട്. സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ പ്രശ്ന പരിഹാരത്തിനായി കെ.എസ്.ഐ.ഡി.സി യുടെ നേതൃത്വത്തിൽ ഒരു കാൾ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിനു പുറമെ സൂക്ഷ്മ ചെറുകിട സംരംഭങ്ങൾക്ക് തങ്ങളുടെ സേവനങ്ങളുടെ വില കാലബന്ധിതമായി കിട്ടുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാൻ എം.എസ്.ഇ ഫെസിലിറ്റേഷൻ കൗൺസിൽ നിലവിലുണ്ട്. ഇത് കൂടാതെ സംരംഭകർക്കാവശ്യമായ അനുമതികളും ലൈസൻസുകളും സമയബന്ധിതമായി ലഭ്യമാക്കുന്നതിന് ജില്ലാ സംസ്ഥാന തലങ്ങളിൽ |

| | | | |
|---|---|---|---|
| | | | ഏകജാലക ക്ലിയറൻസ് ബോർഡുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ സംസ്ഥാനത്ത് സംരംഭകർ നേരിടുന്ന പ്രശ്നങ്ങൾക്കും അവർ ഉന്നയിക്കുന്ന വിവിധതരം പരാതികൾക്കും പരിഹാരം കാണുന്നതിനായി നിയമ പിന്തുണയുള്ള ഒരു പരാതിപരിഹാര കമ്മിറ്റി രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതും അവ സമയബന്ധിതമായി പരിഹരിക്കുന്നതും പ്രസ്തുത കമ്മിറ്റിയുടെ ചുമതലയായിരിക്കും. 1999-ലെ കേരള വ്യവസായ ഏകജാലക ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും നിയമത്തിൽ ആവശ്യാനുസൃതമായ ഭേദഗതികൾ വരുത്തിക്കൊണ്ടാണ് ഈ കമ്മിറ്റി രൂപീകരിക്കുന്നത്. ഇതൊരു സ്ഥിരം സംവിധാനമായിരിക്കും. ഇതിനുവേണ്ടിയുള്ള കരട് നിയമഭേദഗതി ബഹു. മന്ത്രിസഭ അംഗീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുമേധാവികൾ പ്രസ്തുത കമ്മിറ്റിയിൽ അംഗങ്ങളായിരിക്കും. ഈ കമ്മിറ്റി നിലവിൽവരുന്നതോടെ വ്യവസായ സംരംഭകരുടെ പരാതികളിന്മേൽ വേഗത്തിലും സമയബന്ധിതമായും നടപടിയുണ്ടാകുന്നതായിരിക്കും. വ്യവസായ സംരംഭകർ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളുടെ പരിഹാരവുമായി ബന്ധപ്പെട്ട് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും പരാതി പരിഹാര സെൽ രൂപീകരിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുള്ള വിഷയമാണ്. കൂടാതെ സംസ്ഥാനത്തെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ബിസിനസ്സ് കമ്മ്യൂണിറ്റികളെയും പൗരന്മാരെയും ബാധിക്കുന്ന നിയമങ്ങളും ചട്ടങ്ങളും പരിശോധിച്ച് അവയിലെ അപാകതകൾ ഒഴിവാക്കി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 26/07/2021 -ലെ സ.ഉ.(സാധാ)നം.770/2021/വ്യവ പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്ത് തടസ്സരഹിത വ്യവസായം നടത്തുന്നതിനായി 2018 -ലെ 'കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും നിയമം' 2019 -ലെ 'കേരള സൂക്ഷ്മ – ചെറുകിട – ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' എന്നീ നിയമങ്ങൾ ഇപ്പോൾ തന്നെ നിലവിലുണ്ട്. |
| (ബി) | സംരംഭകരുടെ പരാതികൾ പരിഹരിക്കാനായി നടത്തുന്ന 'മീറ്റ് ദ മിനിസ്റ്റർ' പരിപാടിയുടെ ഭാഗമായി | (ബി) | സംരംഭം തുടങ്ങിയവരെയും തുടങ്ങാൻ ആഗ്രഹിക്കുന്നവരെയും നേരിട്ടു കാണുന്നതിനും |

| | | | |
|---|---|---|---|
| | ലഭിച്ച പരാതികൾ തീർപ്പാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | | പരാതി പരിഹരിക്കുന്നതിനുമായി ജില്ലാ തലത്തിൽ സംഘടിപ്പിച്ചുവരുന്ന മീറ്റ് ദ മിനിസ്റ്റർ" പ്രോഗ്രാം 3 ജില്ലകളിൽ ഇതിനകം നടത്തപ്പെട്ടിട്ടുണ്ട്. വിശദവിവരങ്ങൾ താഴെപ്പറയുന്നു. 1. എറണാകുളം : ജില്ലാ വ്യവസായ കേന്ദ്രത്തിൽ സംഘടിപ്പിച്ച മീറ്റ് ദ മിനിസ്റ്റർ പരിപാടി 15.07.2021-ൽ കുസാറ്റ് മിനി കോൺഫറൻസ് ഹാളിൽ വച്ചു നടത്തി. വ്യവസായ അദാലത്തിൽ 169 അപേക്ഷകളാണ് ലഭിച്ചിരിക്കുന്നത്. അവയിൽ 28 എണ്ണം പൂർണ്ണമായും തീർപ്പാക്കിയിട്ടുണ്ട്. 19 എണ്ണം ഇതര ജില്ലയുമായി ബന്ധപ്പെട്ടവ ആയതിനാൽ അവ അതാതു ജില്ലകൾക്ക് നടപടി സ്വീകരിക്കുന്നതിനായി കൈമാറിയിട്ടുണ്ട്. കൂടാതെ ലഭ്യമായ അപേക്ഷയിൽ 3 എണ്ണം കോടതിയുടെ പരിഗണനയിൽ ഇരിക്കുന്നതും 37 എണ്ണം സർക്കാർ തലത്തിൽ നടപടി സ്വീകരിക്കേണ്ടവയുമാണ്. ബാക്കിയുള്ളവ ഇതര സർക്കാർ സ്ഥാപനങ്ങളും ബാങ്കുകളുമായി ബന്ധപ്പെട്ടവ ആയതിനാൽ അവയും എത്രയും വേഗം നടപടി സ്വീകരിക്കുന്നതിന് അതാതു സ്ഥാപനങ്ങൾക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. 2. കോട്ടയം : കോട്ടയം ജില്ലയിൽ 19/07/2021ന് മീറ്റ് ദ മിനിസ്റ്റർ പരിപാടി സംഘടിപ്പിച്ചു. പ്രസ്തുത പരിപാടിയിൽ 94 അപേക്ഷകൾ ഇമെയിൽ ആയും നേരിട്ടും ജില്ലാ വ്യവസായ കേന്ദ്രത്തിൽ ലഭിക്കുകയുണ്ടായി. ഇതിൽ 44 പരാതികൾക്ക് പൂർണ പരിഹാരം ഉണ്ടായി. കൂടാതെ 19/07/ 2021 നു തത്സമയം 35 പരാതികൾ ലഭിച്ചു. പൂർണ പരിഹാരം ലഭിച്ച പരാതികൾ ഒഴികെ ബാക്കി പരാതിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി അതാത് വകുപ്പുകൾക്കും സർക്കാർ തലത്തിൽ തീരുമാനം വേണ്ടവ ആ നിലയ്ക്കും അയച്ചു നൽകിയിട്ടുണ്ട്. 3. തിരുവനന്തപുരം : ജില്ലാ വ്യവസായ കേന്ദ്രം സംഘടിപ്പിച്ച മീറ്റ് ദി മിനിസ്റ്റർ പരിപാടിയിൽ ലഭിച്ച പരാതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ജില്ലാ വ്യവസായ കേന്ദ്രത്തിൽ ലഭിച്ച പരാതികൾ - 87. വേദിയിൽ ലഭിച്ച പരാതികൾ - 18. ആകെ പരാതികൾ - 105. മന്ത്രിയോട് നേരിട്ട് പരാതികൾ വിശദീകരിച്ചവരുടെ എണ്ണം - 62. ഇതിൽ 46 അപേക്ഷകളിന്മേൽ തീരുമാനം കൈക്കൊള്ളുകയും ബാക്കിയുള്ളവ വിവിധ വകുപ്പുകൾ / ബാങ്കുകൾ എന്നിവരുമായി ചർച്ച ചെയ്തു തീരുമാനിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. |
| (സി) | വ്യവസായ എസ്റ്റേറ്റുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് പരിഗണനയിലുള്ളത്; വ്യക്തമാക്കാമോ? | (സി) | വ്യവസായ എസ്റ്റേറ്റുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്ന കാര്യം പരിഗണിച്ച് അതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്. വ്യവസായ എസ്റ്റേറ്റുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ |

| | | | |
|---|---|---|---|
| | | | ഭാഗമായി ഓരോ വ്യവസായ പ്രദേശത്തിന്റെയും അവസ്ഥ പരിശോധിച്ച് അവയിൽ അറ്റകുറ്റ പണി/ പുനഃനിർമ്മാണം എന്നിവയുടെ ആവശ്യകതയ്ക്ക് അനുസരിച്ച പൊതുമരാമത്ത് പോലെയുള്ള സർക്കാർ അംഗീകൃത സ്ഥാപനങ്ങൾ മുഖേന എസ്റ്റിമേറ്റ് തയ്യാറാക്കുകയും, ആയത് സർക്കാരിലേക്ക് സമർപ്പിച്ച് ഭരണാനുമതി ലഭ്യമായ ശേഷം, ടി എസ്റ്റിമേറ്റ് പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ സർക്കാർ അംഗീകൃത സ്ഥാപനങ്ങൾ വഴി പൂർത്തീകരിക്കുകയും ചെയ്യുന്നു. കിൻഫ്ര വ്യവസായ പാർക്കുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സമയാസമയങ്ങളിൽ മെയിന്റനൻസ് വർക്ക് നടത്തിവരാറുണ്ട്. സിഡ്കോയുടെ അധീനതയിലുള്ള തൃശ്ശൂർ ജില്ലയിലെ ഒല്ലൂർ വ്യവസായ എസ്റ്റേറ്റ്, കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ വ്യവസായ എസ്റ്റേറ്റ്, തിരുവനന്തപുരം ജില്ലയിലെ ഉള്ളൂർ മിനി ഇന്റസ്ട്രിയൽ എസ്റ്റേറ്റ്, ആലപ്പുഴ ജില്ലയിലെ കൊല്ലക്കടവ് ഇന്റസ്ട്രിയൽ എസ്റ്റേറ്റ്, പാലക്കാട് ജില്ലയിലെ ഒലവക്കോട് ഇന്റസ്ട്രിയൽ എസ്റ്റേറ്റ്, കോഴിക്കോട് ജില്ലയിലെ കടലുണ്ടി മിനി ഇന്റസ്ട്രിയൽ എസ്റ്റേറ്റ്, വെസ്റ്റ് ഹിൽ ഇന്റസ്ട്രിയൽ എസ്റ്റേറ്റ്, കൊല്ലം ജില്ലയിലെ ഉമയനല്ലൂർ ഇന്റസ്ട്രിയൽ എസ്റ്റേറ്റ്, കണ്ണൂർ ജില്ലയിലെ പാലയാട് ഇന്റസ്ട്രിയൽ എസ്റ്റേറ്റ്, എന്നീ എസ്റ്റേറ്റുകളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ